# 2006-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ

1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമ (1964-ലെ 1) പ്രകാരം മിച്ചഭൂമിയായി സർക്കാരിൽ നിക്ഷിപ്തമായതും കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ രാരോത്ത് വില്ലേജിൽ സ്ഥിതി ചെയ്യുന്നതും പട്ടികയിൽ കൂടുതൽ പ്രാധാന്യത്തോടെ വിവരിച്ചിട്ടുള്ളതുമായ ഭൂമി കൈവശക്കാരായിട്ടുള്ള ചിലയാളുകളെ ഒഴിപ്പിക്കുന്നത്, ഒരു താൽക്കാലിക കാലഘട്ടത്തിലേക്ക്, അതായത് 1963-ലെ ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പിൻ കീഴിൽ ഭൂമി പതിച്ചുകൊടുക്കുന്നതിന് നിലവിലുള്ള അപേക്ഷകളിൽ അന്തിമ തീരുമാനമെടുക്കുന്നതുവരെ, നിർത്തിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമ (1964-ലെ 1) പ്രകാരം മിച്ച ഭൂമിയായി സർക്കാരിൽ നിക്ഷിപ്തമായതും കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ രാരോത്ത് വില്ലേജിൽ സ്ഥിതിചെയ്യുന്നതും പട്ടികയിൽ കൂടുതൽ പ്രാധാന്യത്തോടെ വിവരിച്ചിട്ടുള്ളതുമായ (ഇതിനുശേഷം പ്രസ്തുത ഭൂമി എന്നാണ് പരാമർശിക്കപ്പെടുക) ഭൂമി കൈവശക്കാരായിട്ടുള്ള ചിലയാളുകളെ ഒരു താൽക്കാലിക കാലഘട്ടത്തിലേക്ക്, അതായത് 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം 96-ാം വകുപ്പിൻകീഴിൽ ഭൂമി പതിച്ചു നൽകുന്നതിനു നിലവിലുള്ള അപേക്ഷകളിൽ അന്തിമ തീരുമാനമെടുക്കുന്നതുവരെ, നിർത്തിവയ്ക്കുന്നത് യുക്തമായിരിക്കുകയാലും ;

മേൽപ്പറഞ്ഞ നിയമത്തിലെ 96-ാം വകുപ്പ് (1എ) ഉപ വകുപ്പിൻകീഴിൽ പ്രസ്തുത ഭൂമി പൊതു ആവശ്യത്തിനായി മാറ്റി വച്ചിട്ടുള്ളതിനാലും ;

പ്രസ്തുത ഭൂമിയിൽ നിന്നും 98.50 ഏക്കർ വിസ്തീർണ്ണം 1995 ആഗസ്റ്റ് 9-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 408/95/റവന്യൂ വകുപ്പ് പ്രകാരം സർക്കാരിനാൽ കേന്ദ്ര റിസർവ്വ് പോലീസ് സേനയ്ക്ക് ഒരു പരിശീലന സമുച്ചയം സ്ഥാപിക്കുന്ന ആവശ്യത്തിലേക്കായി കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാലും ;

1997 മാർച്ച് 31-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 224/97/റവന്യൂ വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ നിർദ്ദേശം പിന്നീട് റദ്ദ് ചെയ്യുകയാലും, കൂടാതെ പ്രസ്തുത ഭൂമി കൈവശക്കാരായിട്ടുള്ളവരിൽ നല്ലൊരു വിഭാഗം ആളുകളും ഭൂരഹിതരായ

പാവപ്പെട്ട തൊഴിലാളികളും, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പിൻ കീഴിൽ മിച്ചഭൂമി പതിച്ചു കിട്ടുന്നതിന് അർഹരായവരും ആണെന്നുള്ള വസ്തുത പരിഗണിക്കുകയാലും, കൂടാതെ കൂട്ടത്തോടെയുള്ള ഒഴിപ്പിക്കൽ നടത്തുകയാണെങ്കിൽ ഗുരുതരമായ ക്രമസമാധാന സ്ഥിതിഗതി ഉണ്ടാകുമെന്നത് പരിഗണിക്കുകയാലും ;

കേരള ഹൈക്കോടതി ഒ. പി. നമ്പർ 1703/96 എന്ന കേസിലെ വിധിന്യായത്തിൽ, സർക്കാരിന് പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് ആവശ്യമില്ലയെങ്കിൽ 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമമനുസരിച്ചും അല്ലെങ്കിൽ 1960-ലെ കേരള ഭൂമി പതിച്ചു നൽകൽ നിയമം അനുസരിച്ചും കൈയ്യേറ്റക്കാർക്ക് കൈയ്യേറിയ കാലത്തുള്ള കൈവശത്തിന് യാതൊരു മുൻഗണനയും നൽകാതെ പതിച്ചു നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും ;

പ്രസ്തുത ഭൂമി ഇപ്പോൾ കൈവശക്കാരായ ആളുകൾ, കോഴിക്കോട് ജില്ലാ കളക്ടർ പുറപ്പെടുവിച്ച വിജ്ഞാപനത്തെ തുടർന്ന്, പ്രസ്തുത സ്ഥലം പതിച്ച് കിട്ടുന്നതിനായി നൽകിയിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുന്നതിനാലും ;

കേരള ഹൈക്കോടതി 1996-ലെ 13326-ാം നമ്പർ ഒ.പി.യിലെ വിധിന്യായത്തിൽ പ്രസ്തുത ഭൂമി കൈവശക്കാരായുള്ള ആളുകളെ ഒഴിപ്പിക്കണമെന്നും ആ സ്ഥലം ഉദ്ദേശിക്കപ്പെട്ട പൊതു ആവശ്യത്തിന് നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും ;

കേരള ഹൈക്കോടതി 1996-ലെ ഒ. പി. നമ്പർ 13326-ലുള്ള സി. സി. സി. 1189/2000-ൽ ഹൈക്കോടതി നൽകിയ നിർദ്ദേശം പാലിക്കുന്നതിന് 2006 ജൂലൈ 31-ാം തീയതി വരെ സമയം അനുവദിച്ചിട്ടുള്ളതിനാലും ;

ഇപ്പോഴത്തെ കൈവശക്കാർ ഉൾപ്പെടെയുള്ള ആളുകൾ സമർപ്പിച്ച അപേക്ഷ പരിശോധിക്കുന്നതിനും പരിഗണിക്കുന്നതിനും അവയ്ക്കുമേൽ തീരുമാനമെടുക്കുന്നതിനുമായി സർക്കാരിന് കുറച്ചുസമയംകൂടി ആവശ്യമുള്ളതിനാലും ;

അപേക്ഷകൾ പരിശോധിക്കാതെ കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നപക്ഷം പ്രയാസങ്ങൾ ഉണ്ടാകുമെന്നതിനാലും ;

ഇപ്പോൾ കൈവശക്കാരായുള്ളവരുടെ ഒഴിപ്പിക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടത് പൊതു താൽപര്യത്തിന് അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നതിനാലും ;

ഭാരത റിപ്പബ്ളിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ആക്റ്റ് എന്ന പേര് പറയാം.

(2) ഇത് 2006 ജൂലൈ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടേയോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാര സ്ഥാനത്തിന്റേയോ വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പട്ടികയിൽ കൂടുതൽ പ്രാധാന്യത്തോടെ വിവരിച്ചിട്ടുള്ള പ്രസ്തുത ഭൂമി കൈവശക്കാരായ ആളുകളെ ഒഴിപ്പിക്കുന്നതിന്, ഏതെങ്കിലും കോടതി യിലോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനത്തിലോ നിലവിലുള്ള എല്ലാ നടപടികളും, ഒരു വർഷക്കാലത്തേക്ക് നിർത്തിവയ്ക്കപ്പെട്ടിരിക്കുന്നു.

(2) സർക്കാർ സംഗതി പരിശോധിച്ചശേഷം കോഴിക്കോട് ജില്ലാ കളക്ടറെ (1)-ാം ഉപ വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള കാലയളവിന്റെ അവസാനത്തിനുമുൻപായി അപ്രകാരമുള്ള ഭൂമിയുടെ കൈവശക്കാർ ഉൾപ്പെടെ പതിച്ചു കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ആളുകളുടെ അപേക്ഷ പരിഗണിക്കുന്നതിനും അർഹതയിൻമേൽ നിയമാനുസൃതമായി അന്തിമ തീരുമാനം എടുക്കുന്നതിനും നിർദ്ദേശിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും കോഴിക്കോട് ജില്ലാ കളക്ടറെ 1963-ലെ കേരളാ ഭൂപരിഷ്കരണ നിയമപ്രകാരം ഭൂമി പതിച്ചുകിട്ടുന്നതിന് അർഹരല്ലെന്ന് കാണുന്ന ഏതെങ്കിലും ആളെ (1)-ാം ഉപ വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള കാലയളവിൽ ഒഴിപ്പിക്കുന്നതിന് തടസ്സപ്പെടുത്തുന്നതല്ലെന്ന് കരുതപ്പെടേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ഓർഡിനൻസ്, 2006 (2006-ലെ 41) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ അല്ലെങ്കിൽ എടുത്തതോ ആയ ഏതെങ്കിലും നടപടി ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

| സർവ്വേ നമ്പർ | വില്ലേജ് | താലൂക്ക് | ജില്ല | വ്യാപ്തി | |
|---|---|---|---|---|---|
| | | | | ഏക്കർ | സെന്റ് |
| ആർ. എസ്. നം. 2 | രാരോത്ത് | കോഴിക്കോട് | കോഴിക്കോട് | 94 | 48.5 |
| | | | | 6 | 50 |
| | | | | 2 | 00 |
| ആർ. എസ്. നം. 86/2 | .. | .. | .. | 4 | 25 |
| ആർ. എസ്. നം. 86/1 | .. | .. | .. | 13 | 78 |
| | | | | 5 | 00 |

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് മലബാർ റബ്ബർ ഉല്പാദക കമ്പനിയിൽ നിന്നും കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ രാരോത്ത് വില്ലേജിൽ സ്ഥിതിചെയ്യുന്ന റീ സർവ്വേ 2,86/1&2 നമ്പരിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 126.01.500 ഏക്കർ വിസ്തീർണ്ണമുള്ള മിച്ചഭൂമി സർക്കാർ

ഏറ്റെടുക്കുകയും അതിൽ 98.05 ഏക്കർ വിസ്തീർണ്ണം 9-8-1995-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 408/95/റവന്യൂ വകുപ്പ് പ്രകാരം സർക്കാരിനാൽ കേന്ദ്ര റിസർവ്വ് പോലീസ് സേനയ്ക്ക് ഒരു പരിശീലന സമുച്ചയം സ്ഥാപിക്കുന്ന ആവശ്യത്തിലേക്കായി കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെടുകയും ചെയ്തിരുന്നു. 31-3-1997-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 224/97/റവന്യൂ വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ നിർദ്ദേശം പിന്നീട് റദ്ദ് ചെയ്തു. പ്രസ്തുത ഭൂമി കൈവശക്കാരായിട്ടുള്ളവരിൽ നല്ലൊരു വിഭാഗം ആളുകളും ഭൂരഹിതരായ പാവപ്പെട്ട തൊഴിലാളികളും, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പിൻ കീഴിൽ ഭൂമി പതിച്ചുകിട്ടുന്നതിന് അർഹരായവരും ആണെന്നുള്ള വസ്തുത കണക്കിലെടുത്തും കൂടാതെ കൂട്ടത്തോടെയുള്ള ഒഴിപ്പിക്കൽ നടത്തുകയാണെങ്കിൽ ഗുരുതരമായ ക്രമസമാധാന സ്ഥിതിഗതി ഉണ്ടാകുമെന്നത് പരിഗണിച്ചുകൊണ്ടും ;

2. കേരള ഹൈക്കോടതി ഒ. പി. നമ്പർ 1703/96 എന്ന കേസിലെ വിധിന്യായത്തിൽ, സർക്കാരിന് പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് ആവശ്യമില്ലായെങ്കിൽ 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമമനുസരിച്ചും അല്ലെങ്കിൽ 1960-ലെ കേരള ഭൂമി പതിച്ചു നൽകൽ നിയമമനുസരിച്ചും കയ്യേറ്റക്കാർക്ക് കൈയ്യേറിയ കാലത്തുള്ള കൈവശത്തിന് യാതൊരു മുൻഗണനയും നൽകാതെ പതിച്ചു നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി.

3. കോഴിക്കോട് ജില്ലാ കളക്ടർ പുറപ്പെടുവിച്ച വിജ്ഞാപനത്തെ തുടർന്ന് പ്രസ്തുത സ്ഥലം പതിച്ച് കിട്ടുന്നതിനായി ഇപ്പോൾ കൈവശക്കാരായ ആളുകൾ സമർപ്പിച്ചിട്ടുള്ളതുൾപ്പെടെ ധാരാളം അപേക്ഷകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

4. കേരള ഹൈക്കോടതി 1996-ലെ 13326-ാം നമ്പർ ഒ. പി.യിലെ വിധിന്യായത്തിൽ പ്രസ്തുത ഭൂമി കൈവശക്കാരായുള്ള ആളുകളെ ഒഴിപ്പിക്കണമെന്നും ആ സ്ഥലം ഉദ്ദേശിക്കപ്പെട്ട പൊതു ആവശ്യത്തിന് നീക്കിവയ്ക്കണമെന്നും നിർദ്ദേശിക്കുകയും പ്രസ്തുത ഒ. പി. യിലെ 2000-ാം ആണ്ടിലെ സി. സി. സി. നമ്പർ 1189-ൽ നിർദ്ദേശം പാലിക്കുന്നതിന് 2006 ജൂലൈ 31 വരെ സമയം അനുവദിക്കുകയും ചെയ്തു.

5. ഇപ്പോഴത്തെ കൈവശക്കാർ ഉൾപ്പെടെയുള്ള ആളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനും പരിഗണിക്കുന്നതിനും അവയ്ക്കുമേൽ തീരുമാനമെടുക്കുന്നതിനുമായി സർക്കാരിന് കുറച്ചു സമയംകൂടി ആവശ്യമാണ്. അപേക്ഷകൾ പരിശോധിക്കാതെ കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുന്ന പക്ഷം പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്. ഇപ്പോൾ കൈവശക്കാരായുള്ളവരുടെ ഒഴിപ്പിക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടത് പൊതു താൽപ്പര്യത്തിന് അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നു. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും ഒഴിപ്പിക്കൽ നടപടികൾ അടിയന്തിരമായി നിർത്തി വയ്ക്കേണ്ടിയിരുന്നതിനാലും 2006 ജൂലൈ 26-ാം തീയതി ഗവർണ്ണർ 2006-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ഓർഡിനൻസ് (2006-ലെ 41) വിളംബരപ്പെടുത്തുകയും ആയത് 2006 ജൂലൈ 26-ാം തീയതിയിലെ 1232-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ ഖണ്ഡം (2)-ന്റെ ഉപ ഖണ്ഡം (2) പ്രസ്തുത ഭൂമിയുടെ കൈവശക്കാർ ഉൾപ്പെടെ പതിച്ച് കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ആളുകളുടെ അപേക്ഷകൾ പരിഗണിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ആവശ്യത്തിലേക്ക് ആദ്യമായി പട്ടിക വസ്തുവിന്റെ വിശദമായ സർവേ നടത്തേണ്ടതുണ്ട്. ഭൂമിയുടെ സർവ്വേയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും ഉദ്ദേശം 2.75 ലക്ഷം രൂപ ചെലവ് വഹിക്കേണ്ടതായി വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

കെ. പി. രാജേന്ദ്രൻ